(ബി) മദ്രാസ് സ്റ്റേറ്റിലെ ഷെഡ്യൂൾ വേജും ഇവിടെ കൊടുത്തു വരുന്ന വേജും തമ്മിൽ എന്തു് പൊരുത്തമാണുള്ളതു് ;

(സി) ഒരു കഴി കഴിക്കുന്നതിനു് ഉദ്യോഗസ്ഥന്മാർ 10 രൂപവരെ എസ്റ്റിമേറ്റു് ചെയ്യാറുണ്ടോ ;

(ഡി) സർക്കാരിൽനിന്നും അനുവദിക്കുന്ന കൂലി തൊഴിലാളികൾക്കു് ലഭിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) വേജ് ഷെഡ്യൂൾ അതാതു സ്ഥലങ്ങളിലെ ജീവിതച്ചെലവിനെ ആശ്രയിച്ചിരിക്കുന്നതിനാൽ താരതമ്യപ്പെടുത്താവുന്നതല്ല.

(സി) കഴിയുടെ വലിപ്പത്തേയും മണ്ണിന്റെ പ്രകൃതിയേയും ആശ്രയിച്ചു് കഴിയ്ക്കുന്നതിനുള്ള ചെലവു് വ്യത്യാസപ്പെട്ടിരിക്കും. സാധാരണ മണ്ണിൽ L. T. തുണു് നാട്ടുവാനുള്ള കഴിക്കു് 1-12-0 രൂപയേ ചെലവാകാറുള്ളൂ.

(ഡി) തൊഴിലാളികളുടെ കൂലി അവക്കു് കൃത്യമായി കൊടുത്തു വരുന്നുണ്ടു്. കൂലി കുടിശ്ശിക എന്നു് പരാതികൾ ലഭിച്ചിട്ടില്ല.

പുതിയ ബസ്സുകൾ.

85. [4] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ബസ്സുകൾ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ വാങ്ങിയിട്ടുണ്ടു്;

(ബി) ഏതു കമ്പനിയിൽനിന്നും, എന്തു വിലവച്ചു്;

(സി) ഓർഡർ ചെയ്ത എല്ലാ ബസ്സുകളും വന്നുചേർന്നിട്ടുണ്ടോ;

(ഡി) ഇതിൽ ഏതിനെങ്കിലും പാർട്ടുസ് ഇല്ലാതിരിക്കുകയോ, തകരാറു സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ) 100 ബസ്സുകൾ.

(ബി) Tata Locomotive and Engineering Co. Ltd.-ൽ നിന്നും 60 എണ്ണം 25010 രൂപവീതവും, 20 എണ്ണം 22755 രൂപ വീതവും, 20 എണ്ണം 23985 രൂപ വീതവും വിലവച്ചു്.

(സി) ഉണ്ടു്.

(ഡി) ഇല്ല.

Industrial Disputes.

86. [5] SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(a) the number of industrial disputes taken up by the Labour Department this year;

LIBRARY ARCHIVES Kerala Legislative Assembly

(b) of these how many were settled by conciliation and how many were referred to Industrial Tribunal ; and

(c) how many disputes resulted in satyagraha ?

Answer

(a) 3256

(b) 1. Settled by Conciliation 2734

2. Referred to Industrial Tribunal for adjudication 78

(c) 78

കല്ലങ്കു പണി.

87. [7] ശ്രീ. പി. എം. മാക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണർക്കാട്—തിരുവഞ്ചൂർ റോഡിൽ മൂന്നുപാലത്തുങ്കൽ ഒരു കല്ലങ്കു തീർത്തു് കരിനിലംപാടത്തു കൃഷിക്കു വെള്ളം കയറുന്നതിനും യാത്രാ സൗകര്യത്തിനുംവേണ്ടി പൊതുജനങ്ങളിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ടി കല്ലങ്കു് ഏറ്റവും പ്രാധാന്യമുള്ളതാകയാൽ ഉടനെ കല്ലങ്കു പണിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) കല്ലങ്കു് പണിയുവാനുള്ള നടപടികൾ എടുത്തിട്ടുണ്ടു്.

ഇലക്ട്രിക്കുലൈൻ നീട്ടിക്കിട്ടണമെന്നു് നിവേദനം.

88. [8] ശ്രീ. പി. എം. മാക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജയപുരം നിയോജകമണ്ഡലത്തിന്റെ കേന്ദ്രങ്ങളായ അയർക്കുന്നം ചന്തയിലേയ്ക്കും, ആനിക്കാട്ട ചന്തയിലേയ്ക്കും ഇലക്ട്രിക്കുലൈൻ നീട്ടിക്കിട്ടമെന്നു് ആവശ്യപ്പെട്ടുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടു്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അയർക്കുന്നത്തെ ലൈൻ എക്സ്റ്റെൻഷൻ ആദായകരമല്ലെന്നു അന്വേഷണത്തിൽനിന്നും മനസ്സിലായതിനാൽ അതു് മിനിമം ഗാരന്റി അടിസ്ഥാനത്തിലെ ചെയ്യുവാൻ സാധിക്കുകയുള്ളു എന്നു് അപേക്ഷകരെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അതിനുശേഷം ആരും

LIBRARY ARCHIVES Kerala Legislative Assembly